(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കാർഷിക മേഖലയിൽ സ്വകാര്യവൽക്കരണം

*3 [886] ശ്രീ. ജോണി നെല്ലൂർ:
" ഷിബു ബേബിജോൺ:
" ഉമേഷ് ചള്ളിയിൽ:
" എ. എൻ. രാജൻബാബു:
" കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ സ്വകാര്യവൽക്കരണത്തെക്കുറിച്ചുള്ള സർക്കാർ നയം വിശദമാക്കാമോ;

(ബി) ഈ ദിശയിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ;

(സി) ഇക്കാര്യത്തിലുള്ള പുരോഗതി വിശദമാക്കുമോ;

(ഡി) കാർഷിക മേഖലയിൽ സ്വകാര്യ വിദേശ നിക്ഷേപം ഉറപ്പുവരുത്തുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട് എന്നറിയിക്കുമോ;

(ഇ) ഇക്കാര്യത്തിനായി ഒരു അഗ്രിക്കൾച്ചറൽ ഇൻവെസ്റ്റേഴ്സ് മീറ്റ് (എ.ഐ.എം.) സംഘടിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ—സി) കാർഷിക മേഖലയിൽ സ്വകാര്യവൽക്കരണം സംബന്ധിച്ച് പ്രത്യേകനയം രൂപീകരിച്ചിട്ടില്ല. ഈ മേഖലയിലെ വിജ്ഞാനവ്യാപനം, ഗവേഷണം, ഫാമുകൾ, മണ്ണു സംരക്ഷണം, മണ്ണു പര്യവേഷണം തുടങ്ങിയ ചില കാര്യങ്ങളിലൊഴികെയുള്ള മിക്കവാറും എല്ലാ പ്രവർത്തനങ്ങളും ഇപ്പോൾത്തന്നെ സ്വകാര്യ മേഖലയിലാണ് നടക്കുന്നത്.

(ഡി) കാർഷിക മേഖലയിലെ വിദേശ നിക്ഷേപം സംബന്ധിച്ച നയം രൂപീകരിക്കുന്നത് കേന്ദ്ര സർക്കാരാണ്. ഇപ്പോഴത്തെ കേന്ദ്രനയമനുസരിച്ച് തേയിലയൊഴികെ മറ്റു കൃഷികളിൽ വിദേശ നിക്ഷേപം അനുവദനീയമല്ലെന്നാണ് മനസ്സിലാക്കുന്നത്.

മറ്റു സ്വകാര്യ നിക്ഷേപം കാർഷിക മേഖലയിൽ ഇപ്പോൾത്തന്നെയുണ്ട്. സർക്കാർ ഈ വർഷം മുതൽ നടപ്പാക്കുന്ന പഴങ്ങൾ, പച്ചക്കറികൾ എന്നിവയ്ക്കുള്ള കാർഷിക കയറ്റുമതി മേഖലയ്ക്കുള്ള പദ്ധതിയിൽ സ്വകാര്യ നിക്ഷേപകരുടെ വിഹിതമായി 11.06 കോടി രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ സ്ഥലങ്ങളിൽ ഇവയുടെ കൃഷി വ്യാപിപ്പിക്കുന്നതിന് ആവശ്യമായ സഹായം നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. ഔഷധ സസ്യങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ, പുഷ്പങ്ങൾ തുടങ്ങിയവയ്ക്കുവേണ്ടി തയ്യാറാക്കിവരുന്ന കയറ്റുമതി മേഖലകൾക്കുള്ള പദ്ധതിയിൽ സ്വകാര്യ പങ്കാളിത്തം കൂടുതലായി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. കൂടുതൽ വിദേശ വിപണിയിൽ കൂടുതൽ ഡിമാന്റ് ജൈവകൃഷിരീതി അവലംബിച്ച് ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്കാണെന്നു

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലാക്കി ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിനും കൃഷി വ്യാപിപ്പിക്കുന്നതിനും ഈ മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനുമുള്ള പരിപാടികൾ സർക്കാർ നടപ്പിലാക്കുന്നുണ്ട്.

(ഇ) ഇക്കാര്യം ആലോചിക്കാവുന്നതാണ്.

നഷ്ടപ്പെട്ട വനസമ്പത്ത് സാമൂഹ്യ വനവൽക്കരണ പദ്ധതിയിലൂടെ തിരിച്ച് കൊണ്ടുവരുന്നതിന് നടപടി

*4 [887] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, കെ. രാധാകൃഷ്ണൻ:
,, വി. ചെന്താമരാക്ഷൻ:
,, മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനനശീകരണത്തിലൂടെ നഷ്ടപ്പെട്ട വനസമ്പത്ത് സാമൂഹ്യവൽക്കരണ പദ്ധതികൾവഴി തിരിച്ചുകൊണ്ടുവരുന്നതിന് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഒരു വൃക്ഷംപോലും വളരാൻ സാദ്ധ്യതയില്ലാത്ത സ്ഥലങ്ങളിൽ തൈ നടുന്ന സമ്പ്രദായം തുടർന്നുവരുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ സമ്പ്രദായം നിർത്തലാക്കി പകരം വനവൽക്കരണത്തിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി വനവൽക്കരണം നടത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) വനവൽക്കരണ പദ്ധതിയുടെ ഭാഗമായി വച്ചുപിടിപ്പിക്കുന്ന തൈകളുടെ വളർച്ച മോണിറ്റർ ചെയ്യുന്നതിനും സംരക്ഷിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) വനവൽക്കരണത്തിന്റെ പേരിൽ നടക്കുന്ന അഴിമതി ഇല്ലാതാക്കുന്നതിന് സാമൂഹ്യവനവൽക്കരണത്തിന്റെ മറവിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളേയുംപ്പറ്റി സമഗ്രമായ അന്വേഷണം നടത്താൻ തയ്യാറാവുമോ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ (28.588 ഹെക്ടർ കൈയേറ്റ വനഭൂമിക്ക് പട്ടയം നൽകുന്നതിന് മുന്നോടിയായി) 57.180 ഹെക്ടർ പ്രക്ഷീണ വനത്തിൽ വനവൽക്കരണം നടത്തുന്നതിനായി പരിഹാരവനവൽക്കരണ പദ്ധതി (കോമ്പൻസേറ്ററി സഫോർസ്റ്റേഷൻ പ്രോഗ്രാം) (100% സംസ്ഥാന വിഹിതം) എന്ന ഒരു പദ്ധതി 1993-94 വർഷത്തിൽ ആരംഭിച്ച് നടപ്പിലാക്കിവരുന്നു. ടി പദ്ധതിപ്രകാരം 2002-03 വർഷംവരെ 42,938.24 ഹെക്ടർ പ്രദേശത്ത് വനവൽക്കരണം നടത്തിയിട്ടുണ്ട്. ബാക്കിയുള്ള 14241.76 ഹെക്ടർ പ്രക്ഷീണ വനത്തിലുള്ള വനവൽക്കരണം നടത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ തുടരുന്നുണ്ട്.

(സി) ഇല്ല. ഗുണമേന്മ തീരെയില്ലാത്ത സ്ഥലങ്ങളാണ് സാധാരണ വൃക്ഷവൽക്കരണത്തിന് ലഭിക്കുക. അത്തരം സ്ഥലങ്ങൾക്ക് അനുയോജ്യമായ വൃക്ഷതൈകളാണ് നട്ടുവളർത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly